നമ്പർ: എം.റ്റി.(2) 62187/07.

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി: 23-05-2008.

## സർക്കുലർ നമ്പർ:30/2008.

വിഷയം:- സഹകരണ വകുപ്പ് - പാപ്പിനിശ്ശേരി വ്യവസായ സഹകരണ സംഘത്തിന് സഹകരണ സംഘങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. പാപ്പിനിശ്ശേരി വ്യവസായ സഹകരണ സംഘം പ്രസിഡന്റ് 07-06-06 ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം.
2. സർക്കാരിന്റെ 24-12-07 ലെ 15397/സി3/2007/സഹ: നമ്പർ കത്ത്.

സഹകരണ മേഖലയിൽ വ്യവസായ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട കളിമൺ ഓട് വ്യവസായ സ്ഥാപനമായ പാപ്പിനിശ്ശേരി വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എസ്.ഐ.എൻ.ഡി.(സി)91 സൂചന (1) പ്രകാരം നൽകിയ നിവേദനത്തിൽ കളിമണ്ണ് കൊണ്ടുള്ള കെട്ടിട നിർമാണ സാമഗ്രികൾക്ക് ആവശ്യക്കാർ ദിനം പ്രതി കൂടി വരുന്നു എങ്കിലും മൂലധനത്തിന്റെ കുറവുമൂലം വിപണിയിലെ ആവശ്യങ്ങൾക്കനുസരിച്ച് സംഘത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയാത്തതിനാൽ, ഉല്പാദനത്തിന്റെ വർദ്ധനവിനാവശ്യമായ മൂലധനം സഹകരണ സംഘങ്ങളിൽ നിന്നും സ്വരൂപിക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിക്കുകയും ആയതിന്മേൽ കണ്ണൂർ ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് നിക്ഷേപം നടത്തുവാനുള്ള അനുമതി നൽകുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘത്തിന്റെ അപേക്ഷയും സർക്കാരിന്റെ നിർദ്ദേശവും കണക്കിലെടുത്ത്, അതാത് സംഘങ്ങളുടെ ബൈലാ വ്യവസ്ഥയ്ക്കും, കേരള സഹകരണ നിയമം/ചട്ടം എന്നിവയ്ക്ക് വിധേയമായും, നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ കാലകാലങ്ങളിൽ

പുറപ്പെടുവിക്കുന്ന സർക്കുലർ നിർദ്ദേശങ്ങൾക്കനുസൃതമായി, പാപ്പിനിശ്ശേരി വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ:എസ്.ഐ.എൻ.ഡി.(സി)91 ൽ നിക്ഷേപം നടത്തുന്നതിന്, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള കണ്ണൂർ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് ഇതിനാൽ അനുമതി നൽകുന്നു.

ഒപ്പ്/-
കെ.വി. സുരേഷ് ബാബു,
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

സെക്രട്ടറി,
പാപ്പിനിശ്ശേരി വ്യവസായ സഹകരണസംഘം ലിമിറ്റഡ് നമ്പർ:SIND(C)91,
പാപ്പിനിശ്ശേരി വെസ്റ്റ് പി.ഒ.,
കണ്ണൂർ.

പകർപ്പ്:-

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്), കണ്ണൂർ.
   (സർക്കുലർ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.)
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്),
   കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, കൂത്ത് പറമ്പ്.
3 സ്റ്റോക്ക് ഫയൽ.
4 സ്പെയർ.

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.